# ദൈവകരുണയുടെ വിശുദ്ധ സങ്കേതം




ഡിവൈൻ മേഴ്‌സി ഷ്‌റൈൻ ഓഫ് ഹോളിമേരി
മരിയ നഗർ, തൊടുപുഴ



“മുന്നോട്ട് പോവുക, നാം കാരുണ്യത്തിന്റെ യുഗത്തിലാണ്
ജീവിക്കുന്നത്. ഇതു കാരുണ്യത്തിന്റെ യുഗമാണ്”

*ഫ്രാൻസിസ് പാപ്പാ 2015 ജനുവരി 11 ന് നൽകിയ സന്ദേശം.*

# ദൈവകരുണയുടെ വിശുദ്ധ സങ്കേതം




## ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളിമേരി
## മരിയ നഗർ, തൊടുപുഴ



**നിത്യാരാധന : 8 am - 8 pm**



**കർത്താവായ ദൈവമേ! അങ്ങേ മക്കളോട് കരുണ കാണിയ്ക്കണമേ**

## ദൈവകരുണയുടെ വിശുദ്ധ സങ്കേതം

പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക മദ്ധ്യസ്ഥതയി ലൂടെ ദൈവകരുണ പ്രാപിക്കാൻ സ്ഥാപിതമായ ഒരു തീർത്ഥാടന കേന്ദ്രമാണ് ഡിവൈൻമേഴ്സി ഷ്റൈൻ ഓഫ് ഹോളിമേരി. കോത മംഗലം രൂപതയുടെ കീഴിൽ 2006 ഓഗസ്റ്റ് 14 മുതൽ ഈ തീർത്ഥാട നകേന്ദ്രം പ്രവർത്തിക്കുന്നു. ജീവിത വിശുദ്ധീകരണവും ആത്മാക്ക ളുടെ രക്ഷയും ലക്ഷ്യം വച്ചുകൊണ്ട് ദൈവകരുണയുടെ ഭക്തി പ്രച രിപ്പിക്കുകയെന്നതാണ് ഈ ഷ്റൈന്റെ ദൗത്യം.

## മാതാവിന്റെ പ്രത്യക്ഷപ്പെടൽ

പുതിയിടത്ത് ജോൺ-റെജി ദമ്പതികളുടെ മകളായ ചിപ്പിക്ക് (ത്രേസ്യാ) 1999 മാർച്ച് 15-ാം തീയതി തിങ്കളാഴ്ചയാണ് മാതാവ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. അന്ന് അവൾക്ക് 8 വയസ്സ് പ്രായമായി രുന്നു. ചിപ്പി സ്കൂളിൽ നിന്ന് വൈകുന്നേരം വരുമ്പോൾ മാതാ വിന്റെ ദർശനമുണ്ടായി. ചിപ്പി ക്ഷണിച്ചതനുസരിച്ച് മാതാവ് വീടിനു ള്ളിലേക്ക് കടന്നുവന്ന് മുറിയിൽ കിടന്നിരുന്ന കട്ടിലിൽ ഇരുന്നു. അവൾ ജപമാലയുടെ ഒരു രഹസ്യം ചൊല്ലുകയും മാതാവിന്റെ പാട്ട് പാടുകയും ചെയ്തു. പ്രത്യേകിച്ച് ഒന്നും മാതാവ് സംസാരിച്ചില്ല. പിന്നീട് അപ്രത്യക്ഷമാവുകയും ചെയ്തു.

മാതാവിന്റെ ആദ്യത്തെ പ്രത്യക്ഷപ്പെടലിനുശേഷം വീണ്ടും ഒരു ദിവസം മാതാവ് പ്രത്യക്ഷപ്പെട്ട് ഞാൻ നിന്റെ വീട്ടിൽ വന്നോട്ടെ? എന്നു ചോദിച്ചു. ചിപ്പി സമ്മതം മൂളിയെങ്കിലും മാതാ വിന്റെ ആവശ്യപ്രകാരം ചിപ്പിയുടെ മാതാപിതാക്കളുടെയും സഹോദരന്റെയുംകൂടി സമ്മതം വാങ്ങിയതിനുശേഷമാണ് മാതാവ് സ്ഥിരമായി വീട്ടിൽ വന്നു തുടങ്ങിയത്. തൊടുപുഴയിൽ മാതാ വിന്റെ പ്രത്യക്ഷപ്പെടലിനെപ്പറ്റി സ്വയം വെളിപ്പെടുത്തിക്കൊണ്ട് മാതാവ് പറഞ്ഞു; "പിതാവായ ദൈവത്തിന്റെ തീരുമാനപ്രകാര മാണ് ഞാൻ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഞാൻ ദൈവകരു ണയുടെ മാതാവാണ്. ലോകം മുഴുവനുംവേണ്ടിയാണ് ഞാൻ പുത്ര നോടുകൂടെ വന്നിരിക്കുന്നത്. മാതാവിനോടുകൂടി പുത്രനിൽ ആശ്ര യിക്കുന്നവർക്കാണ് സമ്പൂർണ്ണ രക്ഷ. മാതാവിന്റെ സ്ഥിരസാ ന്നിദ്ധ്യം വീട്ടിലും പിന്നീട് പണിത ഗ്രോട്ടോയിലും വാഗ്ദാനം ചെയ്തുകൊണ്ട് മാതാവ് മറ്റൊരിക്കൽ പറഞ്ഞു. പിതാവിന്റെയും

പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സജീവസാന്നിധ്യവും, ദൈവകരുണയുടെ മാതാവിന്റെ നിരന്തര മാദ്ധ്യസ്ഥവും എപ്പോഴും ഇവിടെയുണ്ടായിരിക്കും.'' മാതാവ് സ്ഥിരമായി ചിപ്പിക്ക് പ്രത്യക്ഷപ്പെട്ടുതുടങ്ങിയ നാൾ മുതൽ വീടിന്റെ നാഥ എന്ന നിലയിൽ ചിപ്പിയുടെയും കുടുംബത്തിന്റെയും, ഈ കുടുംബവുമായി ചേർന്നു നിൽക്കാൻ മാതാവ് തിരഞ്ഞെടുത്ത കുടുംബങ്ങളുടെയും എല്ലാ കാര്യങ്ങളിലും ഇടപെടുകയും, വഴിനടത്തുകയും ചെയ്തു. കൂട്ടായ്മയിലെ ഓരോ വ്യക്തികളെയും അനുസരണത്തിന്റെ പാതയിലൂടെ നയിച്ചുകൊണ്ട് ദൈവഹിതപ്രകാരം, ആത്മവിശുദ്ധീകരണത്തിനുതകുന്ന സഹനങ്ങളിലൂടെ വിശുദ്ധീകരിച്ചിരിക്കുന്നു.

മാതാവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ഭൗതികവും ആത്മീയവുമായ കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ അവയ്ക്ക് വലിയ ഫലപ്രാപ്തിയും ദൈവീക സംരക്ഷണവും ലഭിച്ചിരിക്കുന്നു. മാതാവിനോട് അഭിപ്രായം ചോദിക്കാതെയും മാതാവിന്റെ നിർദ്ദേശം ഗൗനിക്കാതെയും ചെയ്തിരുന്ന കാര്യങ്ങളിൽ പരാജയങ്ങളും സംഭവിച്ചിരുന്നു. ദൈവഹിതം ആരായാനും മനുഷ്യയുക്തിക്ക് നിരക്കാത്ത കാര്യങ്ങളിൽപോലും ദൈവഹിതത്തിനു കീഴ്വഴങ്ങാനും ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടാനും കുടുംബാംഗങ്ങളെ മാതാവ് പരിശീലിപ്പിച്ചു. അനുസരണത്തിന് മാതാവ് വലിയ വില കൽപ്പിച്ചിരുന്നു.

മാതാവിന്റെ സന്ദേശങ്ങളിൽ വിശ്വാസംതോന്നിയ കുടുംബാംഗങ്ങളും സുഹൃത്തുക്കളും വീട്ടിൽ ഒരുമിച്ചുകൂടിയിരുന്നു. പലരും സന്ദേശങ്ങൾ അനുസരിച്ച് ജീവിതത്തിൽ പരിവർത്തനം വരുത്തുവാൻ തയ്യാറായി, മാതാവിന്റെ ഈ പദ്ധതിയിൽ സഹകരിച്ചുപോന്നു. അനുസരണത്തിന്റെ പാതയിലൂടെ ദൈവഹിതം നിറവേറ്റിക്കൊണ്ട് സഹനത്തിലൂടെ മാതാവ് ഓരോരുത്തരെയും വ്യക്തിപരമായി വിശുദ്ധീകരിച്ചു.

കുറെനാളുകൾക്ക് ശേഷം മാതാവ് നിർദ്ദേശിച്ച സ്ഥലത്ത് ഒരു ഗ്രോട്ടോ പണിതു. അവിടെ ഒരു കുളവും കുളത്തിന്റെ നടുവിലുള്ള പീഠത്തിൽ അഞ്ചടി പൊക്കമുള്ള കൈകൂപ്പി നിൽക്കുന്ന മാതാവിന്റെ രൂപവും. മാതാവിന്റെ മുൻപിൽ വന്നു പ്രാർത്ഥിക്കുന്നവരെ അനുഗ്രഹിക്കുന്ന രീതിയിൽ കൈനീട്ടി നിൽക്കുന്ന ഈശോയും, ഈശോയുടെ സമീപം പൂക്കുട്ടയുമേന്തി നിൽക്കുന്ന വി. മഗ്ദ

ലന മറിയത്തിന്റെ രൂപവും ഉണ്ടാക്കി. 2001 ജനുവരി 1-ാം തീയതി സ്ഥാപിച്ചു. മാതാവിനോട് പ്രാർത്ഥിക്കുന്നവർക്ക് ഈശോയിൽ നിന്ന് അനുഗ്രഹം ലഭിക്കുമെന്നും അനുതപിക്കുന്ന ഏതൊരു പാപിക്കും ദൈവത്തിന്റെ കരുണ ലഭിക്കുമെന്നും ചൂണ്ടികാണിച്ചു കൊണ്ടാണ് ഈശോയുടെയും മാതാവിന്റെയും മഗ്ദലന മറിയത്തിന്റെയും രൂപങ്ങൾ ഗ്രോട്ടോയിൽ സ്ഥാപിച്ചിരിക്കുന്നത്.

"ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്കുവേണ്ടി മാത്രമല്ല ലോകം മുഴുവനും വേണ്ടിയാണ്. ഇന്നു മുതൽ ഗ്രോട്ടോ മറ്റുള്ളവർക്കും തുറന്നുകൊടുക്കണം". മാതാവ് ആവശ്യപ്പെട്ടതനുസരിച്ച് 2003 നവംബർ 28-ാം തീയതി മുതൽ പൊതുജനത്തിന് പ്രാർത്ഥിക്കാനായി ഗ്രോട്ടോ തുറന്നുകൊടുത്തു.

## മാതാവിന്റെ സന്ദേശങ്ങൾ

ഓരോ മരിയൻ പ്രത്യക്ഷപ്പെടലിലൂടെയും മനുഷ്യകുലത്തിന് സ്വർഗ്ഗം ചില സന്ദേശങ്ങളോ മുന്നറിയിപ്പുകളോ ആശ്വാസങ്ങളോ നൽകുന്നു. വി. ഫൗസ്റ്റീനായിലൂടെ ദൈവകരുണയുടെ ആഴങ്ങളും ദൈവകരുണ ലഭിക്കുവാനുള്ള ആഴങ്ങളും വെളിപ്പെടുത്തി. ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത് ദൈവകരുണ ലഭിക്കുവാനുള്ള പുതിയ മാർഗ്ഗങ്ങളും ദൈവകരുണ ലഭിക്കുന്നതിനുള്ള തടസ്സങ്ങളും അവ നീക്കികളയാനുള്ള വഴികളുമാണ്. ദൈവത്തിന്റെ കരുണയുടെ മുമ്പിൽ അനുതപിക്കുന്ന പാപിയ്ക്ക് വീട്ടപ്പെടാൻ സാധിക്കാത്ത ഒരു പാപവും പാപകടവും, ശാപവും ഇല്ല. സഹനങ്ങളിലൂടെ ദൈവകരുണ അന്വേഷിക്കുന്നവരുടെ ഏഴുതലമുറ പിന്നോട്ടും വിശുദ്ധീകരിക്കപ്പെടും എന്ന് മാതാവ് പറഞ്ഞു. ദൈവകരുണയിൽ ആശ്രയിച്ചു പ്രാർത്ഥിക്കുക ജീവിതസഹനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുമ്പോൾ ജീവിതസഹനങ്ങൾ ലഘൂകരിക്കപ്പെടുകയും രക്ഷാകരമാവുകയും അവ നമുക്കും മറ്റുള്ളവർക്കും വിശുദ്ധീകരണ കൃപകളായി മാറുകയും ചെയ്യും.

## ദൈവകരുണയുടെ വിശുദ്ധജലം കുടിക്കാനും കുളിക്കാനുമായി ഉപയോഗിക്കുന്നത്

മാതാവ് പ്രത്യക്ഷപ്പെട്ട് വ്യക്തമായ നിർദ്ദേശം നൽകിയതിൽപ്രകാരമാണ് മാതാവിന്റെ കാൽചുവട്ടിൽ കുളം നിർമ്മിച്ചതും

അവിടെ വെള്ളം നിറയ്ക്കാൻ തുടങ്ങുകയും ചെയ്തത്. കുളത്തിൽ വെള്ളം നിറച്ചതിന്ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് വെള്ളം ആളുകൾക്ക് കുടിക്കാനും കുളിക്കാനും കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. മാതാവിന്റെ കാൽചുവട്ടിലെ ജലത്തിലേയ്ക്ക് സ്വർഗ്ഗത്തിൽ നിന്ന് പ്രകാശവും കൈവിരിച്ചു നിന്ന് അനുഗ്രഹിക്കുന്ന ഈശോയുടെ രൂപത്തിലെ കൈകളിൽ നിന്ന് രക്തവും പ്രവഹിക്കുന്നതായി ചിപ്പിക്ക് കാണിച്ചുകൊടുത്തിരുന്നു. വീടുകളിലും സ്ഥാപനങ്ങളിലും ഈ വിശുദ്ധജലം തളിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും എന്ന് ചിപ്പിയുടെ കുടുംബാംഗങ്ങളോട് മാതാവ് വെളിപ്പെടുത്തി. അതിൻപ്രകാരം പലരും ഈ സംരക്ഷണം സ്വീകരിച്ചുപോരുന്നു. ഈ വിശുദ്ധജലം കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്ന




തുവഴി ആത്മീയവും ശാരീരികവും മാനസികവുമായ സൗഖ്യങ്ങൾ ലഭിക്കും എന്ന് പറഞ്ഞുകൊണ്ടാണ് ദൈവകരുണയുടെ ഈ ചാല് ഷ്റൈനിൽ ദൈവജനത്തിനായി തുറന്നുകൊടുത്തിരിക്കുന്നത്. ഇപ്രകാരം പ്രാർത്ഥിക്കുന്നതുവഴി മാതാവ് അത്ഭുതകരമായി തങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നതായും, പലതരത്തിലുള്ള തടസ്സ

ങ്ങൾകൊണ്ട് ജീവിതത്തിൽ ആശ്വാസം കിട്ടാതെ വലയുന്നവർക്ക് ആ തടസ്സങ്ങൾ മാറിക്കിട്ടുന്നതായും അനേകർ സാക്ഷ്യപ്പെടുത്തുന്നു.

## ഈശോയുടെ ഛായാചിത്രത്തിന് മുമ്പിൽ പൂമാല ചാർത്തുന്നത്

ദൈവകരുണയുടെ ഈശോയുടെ രൂപത്തിൽ വലിയ പൂമാല എല്ലാ വെള്ളിയാഴ്ചകളിലും ഇടണമെന്ന് മാതാവ് ആവശ്യപ്പെട്ടതനുസരിച്ച് അത് ഇന്നും തുടർന്ന് പോരുന്നു. ആളുകൾ നിയോഗ പൂർത്തീകരണത്തിന് നന്ദിയായും അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും നേർച്ചയായും വെള്ളിയാഴ്ചകളിൽ പൂമാല സ്പോൺസർ ചെയ്യുന്നു. വെള്ളിയാഴ്ചകളിൽ നൊവേനക്ക്ശേഷവും ഷ്റൈനിലെ തിരുനാളുകൾ കഴിഞ്ഞും പാച്ചോർ നേർച്ച നടത്തപ്പെടുന്നു. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയും തങ്ങളുടെ നിയോഗങ്ങൾ സാധിച്ചു കിട്ടുന്നതിനും വേണ്ടിയാണ് സാധാരണമായി പാച്ചോർ നേർച്ച ആളുകൾ നടത്തുന്നത്.

## തിരികത്തിച്ച് സമർപ്പിക്കൽ

ഷ്റൈനിലെ പ്രധാനപ്പെട്ട ഭക്താനുഷ്ഠാനങ്ങളിൽ ഒന്നാണ് തിരികത്തിച്ച് ദൈവകരുണയിലേക്ക് സമർപ്പിക്കൽ. കുടുംബങ്ങളിലെ ജീവിച്ചിരിക്കുന്നവരെയും മരണമടഞ്ഞവരെയും ദൈവകരുണയിലേക്ക് മാതാവിന്റെ മദ്ധ്യസ്ഥതയിൽ സമർപ്പിക്കുന്നത് ഈശോയുടെ പീഢാസഹനയോഗ്യതയാലാണ്. അതുപോലെ മറ്റ് ആവശ്യങ്ങൾക്ക്വേണ്ടിയും ദൈവീകസംരക്ഷണം ആവശ്യമുള്ള കാര്യങ്ങൾക്കുവേണ്ടിയും വസ്തുക്കൾക്ക് വേണ്ടിയും വീട്, വീട്ടു സാധനങ്ങൾ, വാഹനം, ജോലി, സ്ഥലം, ഭൂമി, പരീക്ഷ, യാത്ര തുടങ്ങി മാതാവിന്റെ ആധിപത്യവും സംരക്ഷണവും ആഗ്രഹിക്കുന്ന ഓരോ വ്യക്തികൾക്കും സാധനങ്ങൾക്കും വേണ്ടിയും പ്രത്യേകം തിരികത്തിച്ച് സമർപ്പിക്കാം. ഇത് നേർച്ചയല്ല നിയോഗങ്ങൾ സമർപ്പിച്ചുള്ള പ്രാർത്ഥനയാണ്.

ആളുകൾ വന്നു തുടങ്ങിയപ്പോൾ അവരുടെ ആവശ്യങ്ങൾ ഗ്രോട്ടോയിൽ തിരികത്തിച്ചു സമർപ്പിക്കാൻ മാതാവ് ആവശ്യപ്പെട്ടു. ഗ്രോട്ടോയിൽ തിരികത്തിച്ചു സമർപ്പിക്കുന്ന എല്ലാ കാര്യങ്ങളും പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടും. ഇവിടെ



*തിരി കത്തിച്ച് പ്രാർത്ഥിക്കുന്നു.*

ഒന്നിച്ചു പ്രാർത്ഥിക്കുന്നവർക്ക് ഈശോയുടെ പീഡാനുഭവയോഗ്യതയിൽ പിതാവായ ദൈവത്തിന്റെ കരുണ ലഭിക്കും എന്ന് മാതാവ് വാഗ്ദാനം ചെയ്തിരിക്കുന്നു. നിയോഗങ്ങളും പ്രാർത്ഥനകളും ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിന് മുമ്പ് സ്വയം വിശുദ്ധീകരിക്കപ്പെടണം. പാപത്തിൽ നിലനിൽക്കുന്നിടത്തോളംകാലം പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമായിരിക്കുകയില്ല.

ഗ്രോട്ടോയിൽ ത്രിയേക ദൈവത്തിന്റെയും മാതാവിന്റെയും സജീവസാന്നിദ്ധ്യം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇത് വെറുമൊരു പ്രാർത്ഥനാലയമല്ല ഗ്രോട്ടോ സന്ദർശിക്കുന്നവർ മറ്റൊരുവ്യക്തിയോട് സംസാരിക്കുന്നതുപോലെ അവരുടെ വേദനകളും ആവശ്യങ്ങളും എന്നോട് തുറന്നു പറയണമെന്ന് ഞാനാഗ്രഹിക്കുന്നു എന്ന് മാതാവ് പറഞ്ഞു.

തിന്മയുടെ ബന്ധനങ്ങൾ അഴിയാനും, ശാരീരികവും മാനസീകവും ആത്മീയവുമായ സൗഖ്യത്തിനുവേണ്ടി കൂടുതൽ സമയം ഗ്രോട്ടോയിൽ നിശബ്ദമായി പ്രാർത്ഥിക്കുന്നത് ഒരു പതിവാണ്. പലതരത്തിലുള്ള രോഗങ്ങളും ആത്മീയവും മാനസീകവുമായ

അസ്വസ്ഥതകളുള്ളവർക്കും ഇതുവഴി ധാരാളം രോഗസൗഖ്യങ്ങൾ ലഭിക്കുന്നു.

## മാതാവിന്റെ കൈയ്യിൽ ചാർത്തിയ കൊന്ത കഴുത്തിൽ ധരിക്കുന്നത്

ഗ്രോട്ടോ രൂപതയ്ക്ക് കൈമാറുന്നിന് മുമ്പ് 2003 മുതൽ പൊതുജനങ്ങൾക്ക് വന്ന് പ്രാർത്ഥിക്കുവാനായി തുറന്ന് കൊടുക്കുവാൻ മാതാവ് ആവശ്യപ്പെട്ടു. അതിന് മുന്നോടിയായി ആയിരം കൊന്ത കുടുംബാംഗങ്ങളോട് ചൊല്ലാനും, ചൊല്ലിപൂർത്തീകരിച്ചപ്പോൾ 250 കൊന്ത വാങ്ങി മാതാവിന്റെ കൈകളിൽ ഇടാനും നിർദ്ദേ



ശിച്ചു. മാതാവിന്റെ നിർദ്ദേശപ്രകാരം അന്നുതൊട്ട് ഗ്രോട്ടോ സന്ദർശിക്കുന്ന വ്യക്തികൾക്ക് കഴുത്തിൽ ധരിക്കാനായി മാതാവിന്റെ കൈകളിൽ ചാർത്തിയ കൊന്ത സൗജന്യമായി നൽകിപോരുന്നു. അതുപോലെതന്നെ അനുഗ്രഹങ്ങൾക്കു നന്ദിയായും ആളുകൾ കൊന്തകൾവാങ്ങി മാതാവിനു സമർപ്പിക്കുകയും ചെയ്യാറുണ്ട്. മാതാവിന്റെ കൈയ്യിലിട്ട കൊന്തകൾ ധരിക്കുന്നതുവഴി വളരെയധികം ദൈവിക സംരക്ഷണം ലഭിക്കുന്നതായും ശാരീരികവും മാനസികവും പൈശാചികവുമായ പീഢകളിൽ നിന്നു മോചനം ലഭിക്കുന്നതായും ധാരാളംപേർ സാക്ഷ്യപ്പെടുത്തുന്നു. ദൈവകരുണലഭിക്കുവാനായി മാതാവ് വെളിപ്പെടുത്തിയ ഒരു മാർഗ്ഗമാണിത്.

## മാതാവിന്റെ കാൽച്ചുവട്ടിലെ കുളത്തിനുചുറ്റും മുട്ടിൽ ഇഴയുന്നത്

നൂറുകണക്കിനു ഭക്തജനങ്ങൾ ദിവസവും മാതാവിന്റെ കാൽച്ചുവട്ടിലെ കുളത്തിനുചുറ്റും മുട്ടിന്മേൽ ഇഴഞ്ഞ് പ്രാർത്ഥിക്കുന്ന ഭക്താഭ്യാസം ആരംഭിച്ചത് വർഷങ്ങൾക്കു മുൻപാണ്. ചിപ്പി പ്ലസ് ടു പരീക്ഷയിൽ നല്ല രീതിയിൽ ജയിക്കുവാൻ എന്തു ചെയ്യണം എന്ന് ചിപ്പിയുടെ പിതാവ് ചോദിച്ചപ്പോൾ ഈ നിയോഗം



*മുട്ടിലിഴഞ്ഞ് പ്രാർത്ഥിക്കുന്നു.*

സമർപ്പിച്ചു മുട്ടിന്മേൽ ഇഴഞ്ഞു പ്രാർത്ഥിക്കുവാൻ പറഞ്ഞു. ചിപ്പിയുടെ പിതാവ് ജോൺ അതിൻപ്രകാരം ചിപ്പിക്കുവേണ്ടി പ്രാർത്ഥിക്കുകയും മകൾ നല്ല മാർക്കോടെ പ്ലസ്ടു പാസ്സാവുകയും ചെയ്തു. ഇതുകേട്ടറിഞ്ഞ ഭക്തജനങ്ങൾ സ്വയം ആരംഭിച്ച ഭക്താഭ്യാസമാണ് ഇത്.

തങ്ങളുടെ നിയോഗങ്ങൾ സമർപ്പിച്ച്, കരുണയുടെ ജപമാലയോ മാതാവിന്റെ ജപമാലയോ ചൊല്ലി കുളത്തിനുചുറ്റും മുട്ടിന്മേൽ ഇഴഞ്ഞു പ്രാർത്ഥിക്കുന്നത് സർവ്വസാധാരണമാണ്. മാതാവിന്റെ മുമ്പിൽ നിയോഗം സമർപ്പിച്ചതിനു ശേഷമാണ് മുട്ടിന്മേൽ ഇഴയൽ ആരംഭിക്കുന്നത്. വലതുവശത്തേക്ക് നീന്തി പ്രാർത്ഥിക്കുന്ന വ്യക്തി സക്രാരിയിൽ വസിക്കുന്ന ഈശോയെ കുമ്പിട്ട് ആചാരം ചെയ്ത് ആരാധിച്ചതിനുശേഷം, മുന്നോട്ട് ഇഴഞ്ഞ് കരുണയുടെ ഈശോയുടെ വലിയ രൂപത്തിനു മുമ്പിൽ വന്ന് നിയോഗം പറഞ്ഞേൽപ്പിക്കുന്നു. തുടർന്ന് മുന്നോട്ട് ഇഴഞ്ഞ് പോകുമ്പോൾ ക്രൂശിത രൂപത്തിന് ഇരുവശങ്ങളിലായി സ്ഥാപിച്ചിരിക്കുന്ന ദൈവകരുണയുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺപോൾ പാപ്പയുടെയും ദൈവകരുണയുടെ അപ്പസ്തോലയായ വിശുദ്ധ ഫൗസ്റ്റീനയുടെയും തിരുശേഷിപ്പുകൾ വണങ്ങി അവരുടെ മദ്ധ്യസ്ഥസഹായം അപേക്ഷിച്ചുകൊണ്ടും, കരുണയുടെ ആദ്യ ദൃക്സാക്ഷിയായി തിരുസഭ ഉയർത്തിയിരിക്കുന്ന വിശുദ്ധ മഗ്ദലന മറിയത്തിന്റെ പ്രതിമയെ ചുറ്റി, തന്റെ ജനത്തെ കൈവിരിച്ചു നിന്ന് അനുഗ്രഹിക്കുന്ന ഉത്ഥിതനായ ഈശോയുടെ മുമ്പിലൂടെ വന്ന് പ്രാർത്ഥിച്ച് തന്റെ മക്കൾക്കുവേണ്ടി കൈകൂപ്പി നിന്ന് മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന ദൈവകരുണയുടെ മാതാവിന്റെ മുമ്പിൽ വരുമ്പോൾ, മുട്ടിന്മേൽ ഇഴച്ചിൽ ഒരു വട്ടം അവസാനിപ്പിക്കുന്നു.

## ഒൻപതു ദിവസത്തെ ദൈവകരുണയുടെ നൊവേന

ആഴ്ചയിൽ ഒന്നുവച്ച് ഒൻപതു ദിവസം ഷ്റൈനിൽ വന്നു പ്രാർത്ഥിക്കുന്നത് അനുഗ്രഹപ്രദമാണെന്ന് മാതാവ് വെളിപ്പെടുത്തിയിരിക്കുന്നു. മാതാവ് ആവശ്യപ്പെട്ടതനുസരിച്ചാണ് ഒൻപതു ദിവസത്തെ ദൈവകരുണയുടെ നൊവേന നടത്തപ്പെടുന്നത്. "ഈ നൊവേന വഴി ചോദിക്കുന്ന എല്ലാ ആഗ്രഹങ്ങളും ഞാൻ ആത്മാക്കൾക്ക് പ്രദാനം ചെയ്യും" (ഡയറി : 796) എന്ന ഈശോയുടെ



*കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

വാഗ്ദാനം ഈ നൊവേനയിൽ സംബന്ധിക്കുന്ന ഓരോ വ്യക്തികൾക്കും അനുഭവപ്പെടുന്നതായി അവരുടെ സാക്ഷ്യങ്ങൾ തെളിയിക്കുന്നു. എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയ്ക്കുശേഷം ദൈവകരുണയുടെ നൊവേനയും, ശനിയാഴ്ച മൂന്നു കുർബ്ബാനകൾക്ക് ശേഷവും വെള്ളിയാഴ്ച ഏഴ് വി. കുർബ്ബാനയോട്കൂടിയും ദൈവകരുണയുടെ നൊവേന നടത്തപ്പെടുന്നു.

## ദൈവകരുണയുടെ വിശുദ്ധ സങ്കേതമായ ഷ്റൈൻ

വി. ഫൗസ്റ്റീനായിലൂടെ നൽകപ്പെട്ടിരിക്കുന്ന ദൈവകരുണയുടെ തുടർ വെളിപ്പെടുത്തലുകളാണ് ഇവിടെ പരി. കന്യകമറിയത്തിലൂടെ നൽകിയിരിക്കുന്നത്. മാതാവ് വെളിപ്പെടുത്തിയ കാര്യങ്ങൾ മനസ്സിലാക്കാനുള്ള എളുപ്പവഴി വി. ഫൗസ്റ്റീനായുടെ “Divine Mercy In my Soul” എന്ന ഡയറി വായിക്കുകയാണ് എന്ന് മാതാവ് അഭിപ്രായപ്പെട്ടു. മാതാവിന്റെ നിർദ്ദേശപ്രകാരം വി. ഫൗസ്റ്റീനായുടെ ഡയറി മലയാളത്തിലേക്ക് പരിഭാഷചെയ്തു. “എന്റെ അന്തരാത്മാവിലേയ്ക്ക് ഒഴുകിയിറങ്ങിയ ദൈവകരുണ” എന്ന പേരിൽ ഷ്റൈനിൽനിന്ന് പ്രകാശനം ചെയ്തിട്ടുണ്ട്. മാതാവിന്റെ ആഗ്രഹപ്രകാരമാണ് ഗ്രോട്ടോയ്ക്കും, ചാപ്പലിനും Divine Mercy Shrine of Holy Mary എന്ന് പേരിട്ടത്. അതിനുശേഷം മാതാവ് പറഞ്ഞു ദൈവകരുണയുടെ സങ്കേതമായ ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളി മേരി പിതാവായ ദൈവം പ്രത്യേകം തെരഞ്ഞെടുത്ത സ്ഥലമാണ്.

'ആത്മാക്കളുടെ രക്ഷയ്ക്കും ജീവിത വിശുദ്ധീകരണത്തിനും' ഉതകുന്ന ദൈവകരുണയുടെ സന്ദേശങ്ങൾ നൽകിക്കൊണ്ട് മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലത്ത്, ദൈവകരുണയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കപ്പെടാനും ദൈവകരുണ ചൊരിയപ്പെടാനുമുള്ള 6 വഴികൾ സ്ഥാപിച്ചു കൊണ്ടും മാതാവ് നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പണിയപ്പെട്ട ദൈവകരുണയുടെ ആലയമാണ് ഇത്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രിയേക ദൈവത്തിന്റെയും, മഹത്വപൂർണ്ണനായ ദൈവകരുണയുടെ ഈശോയുടെയും സജീവ സാന്നിദ്ധ്യവും, ദൈവകരുണയുടെ മാതാവിന്റെ നിരന്തര സ്വർഗ്ഗീയ മാദ്ധ്യസ്ഥവും ദൈവകരുണയുടെ അപ്പസ്തോലയായ വിശുദ്ധ ഫൗസ്റ്റീനായുടെയും ദൈവകരുണയുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ പോൾ പാപ്പയുടെയും, ദൈവകരുണയുടെ ആദ്യ ദൃക്സാക്ഷിയായ വി. മഗ്ദല മറിയത്തിന്റെയും സാന്നിദ്ധ്യസഹായവും ഷ്റൈനിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. വി. ഫൗസ്റ്റീനായിലൂടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വെളിപ്പെടുത്തപ്പെട്ട എല്ലാ ദൈവകരുണയുടെ ചാലുകളും ഇവിടെ തുറന്നിരിക്കുന്നതിനാൽ ദൈവകരുണയുടെ വിശുദ്ധ സങ്കേതമായി ആളുകൾ ഈ തീർത്ഥാടന കേന്ദ്രത്തെ കരുതുന്നു. ഈ തീർത്ഥാടന കേന്ദ്രത്തിലെ ഏറ്റവും വലിയ അത്ഭുതം, ദൈവകരുണയിൽ ആശ്രയിച്ച് പ്രാർത്ഥിക്കുന്ന ആളുകൾക്ക് ലഭിക്കുന്ന മാനസാന്തരങ്ങളും വിശുദ്ധിയിലേക്ക് വളരാനുള്ള പ്രചോദനവുമാണ്.



## ഷ്റൈനിലെ തിരുനാളുകൾ

2006 ൽ ഷ്റൈൻ രൂപതയ്ക്കു കൈമാറിയതിനുശേഷമാണ് തിരുനാളുകൾ ആരംഭിച്ചത്. ദൈവകരുണയുടെ തിരുനാളും, ദൈവ കരുണയുടെ മാതാവിന്റെ അമലോത്ഭവ തിരുനാളുമാണ് ഷ്റൈനിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു തിരുനാളുകൾ. മാതാവിന്റെ നിർദ്ദേശപ്രകാരം ഏറ്റവും ലളിതമായ രീതിയിൽ ഭക്തിനിർഭരമായി പ്രാർത്ഥനകൾ ചൊല്ലികൊണ്ടും, ചെണ്ടയും വാദ്യമേളങ്ങളും വെടിക്കെട്ടുകളും ഒഴിവാക്കിക്കൊണ്ട്, 2006 മുതൽ തിരുനാളുകൾ നടത്തപ്പെടുന്നു. രണ്ടു തിരുനാളുകളിലും പൂക്കൾകൊണ്ട് മനോഹരമായി അലങ്കരിച്ച വാഹനങ്ങളിൽ ദൈവകരുണയുടെ ഈശോയുടെയും ദൈവകരുണയുടെ മാതാവിന്റെയും തിരുസ്വരൂപങ്ങൾ സംവഹിക്കപ്പെടുന്നു. തിരുനാളുകൾക്ക് മറ്റു ആഘോഷങ്ങളും കലാപരിപാടികളും നടത്തുന്നതു ദൈവത്തിനു പ്രീതികരമല്ല എന്ന് വെളിപ്പെടുത്തിയതിനാൽ അവയൊന്നും തിരുനാളുകളിൽ നടത്തപ്പെടാറില്ല. ടൗൺ ചുറ്റിയുള്ള തിരിപ്രദക്ഷിണത്തിനു ശേഷം പാച്ചോർ നേർച്ചയോടെ തിരുനാളുകൾ സമാപിക്കുന്നു.

## ദൈവകരുണയുടെ തിരുനാൾ

ഈസ്റ്റർ കഴിഞ്ഞുവരുന്ന ആദ്യ‌ഞായർ ദൈവകരുണയുടെ തിരുനാളായി ആചരിക്കണമെന്ന് ഈശോ വിശുദ്ധ ഫൗസ്റ്റീനയോട്



ആവശ്യപ്പെട്ടതനുസരിച്ച് ഇന്ന് ലോകം മുഴുവൻ ദൈവകരുണയുടെ തിരുനാൾ കൊണ്ടാടുന്നു. ഈ ഷ്റൈൻ മാതാവിന്റെ പ്രത്യക്ഷപ്പെടലുവഴി രൂപം കൊണ്ടതാണെങ്കിലും, ദൈവകരുണയുടെ തിരുനാൾ ഷ്റൈനിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായി കൊണ്ടാടാൻ മാതാവ് ആവശ്യപ്പെട്ടു. പൂർണ്ണ ദണ്ഡവിമോചനം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ഈ തിരുനാൾ ഏറ്റം ഭക്തിപൂർവ്വം ആഘോഷിക്കപ്പെടുന്നു. ദൈവകരുണയുടെ ജപമാല ചൊല്ലിക്കൊണ്ടാണ് ടൗൺചുറ്റിയുള്ള തിരി പ്രദക്ഷിണം നടത്തപ്പെടുന്നത്. തിരുനാളിനൊരുക്കമായി ഒൻപതു ദിവസത്തെ ദൈവകരുണയുടെ നൊവേന നടത്തുന്നതിനോടൊപ്പം ദൈവമാതാവ് ആവശ്യപ്പെട്ടതനുസരിച്ച് ഓരോ ദിവസവും ദൈവകരുണയുടെ പ്രഘോഷണവും നടത്തപ്പെടുന്നു.



## ദൈവകരുണയുടെ മാതാവിന്റെ അമലോത്ഭവ തിരുനാൾ

ഡിസംബർ 8-ാം തീയതി ആഘോഷമായി നടത്തപ്പെടുന്ന ദൈവകരുണയുടെ മാതാവിന്റെ അമലോത്ഭവ തിരുനാളിനു മുന്നോടിയായി ഒൻപതു ദിവസത്തെ ദൈവകരുണയുടെ നോവേന യും, ദൈവകരുണയുടെ പ്രഘോഷണവും നടത്തപ്പെടുന്നു. തിരു നാൾ ദിവസം ടൗൺ ചുറ്റിയുള്ള തിരി പ്രദക്ഷിണം മാതാവിന്റെ ജപ മാല ചൊല്ലി നടത്തപ്പെടുന്നു.

## ദൈവകരുണയുടെ മാതാവ്

മാതാവിന്റെ നിർദ്ദേശപ്രകാരമാണ് ദൈവകരുണയുടെ നൊവേന വെള്ളിയാഴ്ചകളിൽ ആരംഭിച്ചത്. ഗ്രോട്ടോയിൽ വന്ന് 9 വെള്ളിയാഴ്ചകളിൽ നൊവേനയിൽ സംബന്ധിച്ച് കരുണയിൽ ആശ്രയിച്ച് പ്രാർത്ഥിക്കുന്നവരുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടു മെന്ന് മാതാവ് വാഗ്ദാനം ചെയ്തിട്ടുണ്ട്. വി. ഫൗസ്റ്റീനായുടെയും വി. ജോൺപോൾ രണ്ടാമൻ പാപ്പയുടെയും തിരുശേഷിപ്പുകളും, ദൈവകരുണ ലഭിക്കാനായി വി. ഫൗസ്റ്റീനായിലൂടെ വെളിപ്പെടു ത്തിയ 8 മാർഗ്ഗങ്ങളും ദൈവകരുണയുടെ മാതാവ് ഇവിടെ പ്രത്യക്ഷ പ്പെട്ട് വെളിപ്പെടുത്തിയ 6 മാർഗ്ഗങ്ങളും ഒരുക്കിയിരിക്കുന്നതു കൊണ്ടും ഡിവൈൻ മേഴ്സി ഷ്റൈൻ ദൈവകരുണയുടെ വിശുദ്ധ സങ്കേതമായി കരുതുന്നു.

## മാതാവ് പഠിപ്പിച്ച സംരക്ഷണ പ്രാർത്ഥന

പിതാവായ ദൈവമേ, കരുണയായിരിക്കണമെ, എന്നെ ശിക്ഷിക്കരുതേ, പുത്രനായ ദൈവമേ അങ്ങയുടെ തിരുരക്തത്തിന്റെ സംരക്ഷണം നൽകണമെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകണമേ. പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയുടെ അഗ്നി ഇറക്കി എന്നെ വിശുദ്ധീകരിക്കണമേ. നന്മയും തിന്മയും തിരിച്ചറി യാനുള്ള ജ്ഞാനം തരണമേ. പരിശുദ്ധ അമ്മേ മാതാവേ, അമ്മ യുടെ കാപ്പയ്ക്കു കീഴിൽ എന്നെ സംരക്ഷിക്കണമേ. സകല മാലാ ഖമാരേ എനിക്ക് കാവലായിരിക്കേണമേ. സകല വിശുദ്ധരേ എനി ക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## ദൈവകരുണ ലഭിക്കുവാനായി വിശുദ്ധ ഫൗസ്റ്റീനായിലൂടെ വെളിപ്പെടുത്തിയ 8 മാർഗ്ഗങ്ങൾ

1. ദൈവകരുണയുടെ 3 മണി സമയം
2. ദൈവകരുണയുടെ പ്രാർത്ഥന
3. ദൈവകരുണയുടെ ജപമാല
4. ദൈവകരുണയുടെ ചിത്രം
5. ദൈവകരുണയുടെ നൊവേന
6. ദൈവകരുണയുടെ തിരുനാൾ
7. ദൈവകരുണയുടെ പ്രവൃത്തികൾ
8. ദൈവകരുണയുടെ പ്രഘോഷണം

## ദൈവകരുണയുടെ മാതാവിലൂടെ ദൈവകരുണ ലഭിക്കാൻ വെളിപ്പെടുത്തിയിരിക്കുന്ന 6 കാര്യങ്ങൾ

1. ദൈവകരുണയിൽ ആശ്രയിച്ച് ജീവിതം വിശുദ്ധീകരിക്കാൻ നൽകിയിരിക്കുന്ന 29 കാര്യങ്ങൾ അനുസരിക്കുകയും വിശ്വസിക്കുകയും ചെയ്യുക.
2. കുടുംബങ്ങളിൽ മരണമടഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാവരെയും മാതാവിന്റെ മാദ്ധ്യസ്ഥതയിൽ ദൈവകരുണയിലേക്ക് തിരി കത്തിച്ച് സമർപ്പിക്കുക.
3. സമർപ്പിക്കപ്പെട്ടവർക്കുവേണ്ടി ദിവസവും കരുണയുടെ ജപമാല ചൊല്ലുക.
4. ദൈവകരുണയുടെ സംരക്ഷണം ലഭിക്കുന്നതിനായി മാതാവിന്റെ കൈയ്യിലിട്ട കൊന്ത കഴുത്തിൽ ധരിക്കുക.
5. മാതാവിന്റെ കാൽച്ചുവട്ടിലെ വിശുദ്ധജലം കുടിക്കാനും കുളിക്കാനും ഉപയോഗിക്കുക.
6. ദൈവകരുണയുടെ സങ്കേതമായ ഷ്റൈനിൽ വന്ന് 9 വെള്ളിയാഴ്ചകളിൽ വി. കുർബ്ബാനയിലും നൊവേനയിലും പങ്കെടുക്കുക.

ദൈവകരുണയുടെ അപ്പസ്തോലയായ വി. ഫൗസ്റ്റീനായുടെ തിരുശേഷിപ്പ് 2010 ജൂൺ 27 ന് ഇവിടെ സ്ഥാപിച്ചു. ദൈവകരുണയുടെ മദ്ധ്യസ്ഥനായ വി. ജോൺപോൾ പാപ്പയുടെ തിരുശേഷിപ്പ് 2015 ഓഗസ്റ്റ് 15 ന് ഇവിടെ സ്ഥാപിച്ചു വണങ്ങി വരുന്നു. 2015 ഏപ്രിൽ 12 ന് നിത്യാരാധന ചാപ്പൽ ആരംഭിച്ചു. രാവിലെ 8 മുതൽ രാത്രി 8 വരെ ചാപ്പലിൽ ആരാധിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സൗകര്യമുണ്ട്. എല്ലാദിവസവും രാവിലെ 5.30 മുതൽ വൈകുന്നേരം 9.30 വരെ ഷ്റൈനിൽ വന്ന് പ്രാർത്ഥിക്കുന്നതിന് സൗകര്യമുണ്ട്.



ദൈവകരുണയുടെ അപ്പസ്തോലയായ വി. മരിയ ഫൗസ്റ്റീനാ (1905-1968) യുടെയും, ദൈവകരുണയുടെ മദ്ധ്യസ്ഥനായ വി. ജോൺ പോൾ പാപ്പാ (1920-2005) യുടെയും തിരുശ്ശേഷിപ്പുകൾ വണങ്ങുന്നതിന് സൗകര്യമുണ്ട്.

# ഷ്റൈനിലെ ശുശ്രൂഷകൾ

## ഷ്റൈനിലെ അനുദിന ശുശ്രൂഷകൾ

| | | |
|---|---|---|
| തിങ്കൾ - വ്യാഴം | 5.45 am | : വി.കുർബ്ബാന, കരുണയുടെ നൊവേന |
| | 6.00 pm | : ജപമാല, വി.കുർബ്ബാന |
| വെള്ളി | 5.30 am<br>7.15 am<br>9.15 am<br>11.30 am<br>3.00 pm<br>5.00 pm<br>7.00 pm | ആഘോഷമായ വി. കുർബ്ബാന, കരുണയുടെ നൊവേന |
| ശനി | 5.45 am | വി. കുർബ്ബാന, നൊവേന |
| | 9.30 am | നൊവേന, ആഘോഷമായ വി. കുർബ്ബാന |
| | 6.00 pm | വി. കുർബ്ബാന, ജപമാല പ്രദക്ഷിണം |
| ഞായർ | 11.00 am<br>5.00 pm | വി. കുർബ്ബാന |

എല്ലാ ദിവസവും 3 pm ന്
കരുണയുടെ ജപമാല ഉണ്ടായിരിക്കുന്നതാണ്.

### മാസാദ്യ ശനിയാഴ്ചകളിൽ

| | |
|---|---|
| 5.45 am | വി.കുർബ്ബാന, കരുണയുടെ നൊവേന |
| 4.30 pm | ജപമാല |
| 5.00 pm | വി. കുർബ്ബാന |
| 6.15 pm | വചനപ്രഘോഷണം, ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം |

**ഷ്റൈനിലെ വെള്ളിയാഴ്ച ശുശ്രൂഷകളുടെ തത്സമയ സംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.**


Visit

**www.divinemercyshrineofholymary.com**

**Facebook : divinemercyshrineofholymary**

**You Tube : divine mercy shrine of holymary**

**Email : divinemercyshrinethodupuzha@gmail.com**


Our Bank

**South Indian Bank, Thodupuzha Main**

**A/C No: 0325053000039401**

**IFSC : SIBL0000325**


**Phone : 04862 223516, 220542**



(For Private Circulation only)



1934 ജനുവരി – ജൂൺ മാസങ്ങളിൽ വിൽനൂസിൽ
വി. ഫൗസ്റ്റീനായുടെ നിർദ്ദേശമനുസരിച്ച്
യൂജിൻ കസിമിറോവ്സ്കി പെയിന്റ് ചെയ്ത
ദൈവകരുണയുടെ ആദ്യത്തെ ചിത്രം.


ഞാൻ സ്വർഗ്ഗരാജ്ഞി മാത്രമല്ല,
കരുണയുടെ മാതാവും നിങ്ങളുടെ
അമ്മയും കൂടിയാണ്.